പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1455 03.12.2015 ലെ മറുപടിയ്ക്ക്

കുറുപ്പന്തറ റെയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണം

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ്

**ഉത്തരം**

ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ്
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കുറുപ്പന്തറ റെയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയും; ഇതു സംബന്ധിച്ച് ഡി.പി.ആർ-ആർ.ബി.ഡി.സി. സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് എത്രയാണ്; എത്ര രൂപയുടെ ഭരണാനുമതിയാണ് സർക്കാർ നൽകിയിട്ടുള്ളതെന്നും ഭരണാനുമതി നല്കാൻവൈകുന്നതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ;<br>(ബി) ഇതു സംബന്ധിച്ച് റെയിൽവെയുമായുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; പ്രസ്തുത സംരംഭത്തിന് പുതുതായി സ്ഥലം ഏറ്റെടുക്കേണ്ട ആവശ്യമുണ്ടോ ; ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്ന് വിശദമാക്കുമോ;<br>(സി) പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണ് ഇതിനോടകം തീർപ്പാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br>(ഡി) പ്രസ്തുത മേൽപ്പാലത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പാലം നിർമ്മാണം ടെണ്ടർ ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ എന്നും പ്രസ്തുത നടപടി എന്ന് ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും അറിയിക്കുമോ? | (എ), (ബി), (സി) & (ഡി) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കുറുപ്പന്തറ റെയിൽവെ മേൽപ്പാലത്തിന്റെ ആകെ എസ്റ്റിമേറ്റ് തുക ഭൂമി ഏറ്റെടുക്കുന്നത് ഉൾപ്പെടെ 2784.43 ലക്ഷം രൂപയാണ്. ആയതിന്റെ വിശദമായ പദ്ധതി രേഖ സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ. മേൽപ്പാലത്തിന്റെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗിന് റെയിൽവെയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്ന കാര്യം തീരുമാനിക്കുന്ന മുറയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

(signature)

സെക്ഷൻ ഓഫീസർ